"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-പാലക്കാട് ടിമ്പർ സെയിൽസ് ഡിവിഷനു കീഴിലുള്ള നെട്ടുകയം അരുവാക്കോട് ഡിപ്പോകളിൽ നിന്നും 2019-ലെ പ്രളയത്തെ തുടർന്ന് തടികൾ നഷ്ടമായത്-റവന്യൂ നഷ്ടമായ 9,94,672/-രൂപ എഴുതി തള്ളുന്നതിന് അനുമതി നല്കുന്നു- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി(ബി) വകുപ്പ്

സ.ഉ.(സാധാ) നം.72/2023/F&WLD തീയതി,തിരുവനന്തപുരം, 15-02-2023

---

പരാമർശം:- പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) -ന്റെ 27/08/2022, 25/10/2023 തീയതികളിലെ പ്രൊ(5) -121629/2019 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

പാലക്കാട് ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന അരുവാക്കോട് നെട്ടുകയം ടിംബർ ഡിപ്പോകളിൽ 07.08.2019, 08.08.2019-തീയ്യതികളിൽ ഉണ്ടായ മഹാ പ്രളയത്തിൽ, ഡിപ്പോ കോമ്പൗണ്ടിൽ വെള്ളം കയറുകയും ഡിപ്പോയിൽ അട്ടിവച്ചിരുന്ന തടികൾ പ്രളയത്തിൽപ്പെട്ട് ഒഴുകി പോകുകയും രണ്ട് ഡിപ്പോകളിൽ നിന്നും ആകെ 59 കഷ്ണം തടികൾ (54 തേക്ക് തടികൾ, 5 പലജാതി തടികൾ) വീണ്ടെടുക്കാനാവാത്ത വിധം നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ടെന്നും ഇപ്രകാരം തടി ഒഴുകിപോയത് മൂലം ആകെ 9,94,672/-രൂപയുടെ (9,70,022+24,650/-) വരുമാന നഷ്ടം സർക്കാരിന് ഉണ്ടായിട്ടുള്ളതായി ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടി സർക്കാർ നഷ്ടം പ്രകൃതിക്ഷോഭം മൂലമുണ്ടായതിനാലും ഉദ്യോഗസ്ഥരുടെ വീഴ്ചകൊണ്ട് അല്ലാത്തതിനാലും, ടി തടികൾ വിൽപന നടത്തി സർക്കാരിലേക്ക് മുതൽ കൂട്ടുവാൻ കഴിയാത്തവിധം നഷ്ടമായതിനാലും ആയത് എഴുതി തള്ളുവാൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) പരാമർശത്തിലെ കത്ത് പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019-ലെ പ്രളയത്തെ തുടർന്ന് പാലക്കാട് ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന അരുവാക്കോട്,നെട്ടുകയം ടിംബർ ഡിപ്പോകളിൽ നിന്നും തടികൾ നഷ്ടപ്പെട്ടതിന്റെ റവന്യൂ നഷ്ടമായ 9,94,672/-രൂപ (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അറുനൂറ്റി എഴുപത്തി രണ്ട് രൂപ മാത്രം) എഴുതി

തള്ളുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) -ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T T SURESH
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഫോറസ്റ്റ് മാനേജ് മെന്റ്),ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(അഗ്രി-സി2/129/2022-ധന തീയതി 25.01.2023 പ്രകാരം)
വെബ് ആന്റ് ന്യൂ മീഡിയ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ravindran C
Date: 15-02-2023 17:10:12
സെക്ഷൻ ഓഫീസർ

പകർപ്പ്:- മുഖ്യമന്ത്രിയുടെ ഓഫീസിന് / വനം വന്യജീവി വകുപ്പ മന്ത്രിയുടെ ഓഫീസിന് / വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിന്.